ഉത്തരം

(എ) ജീവനക്കാരുടെ പണിമുടക്കിനെ തുടർന്നുണ്ടാകുന്ന സ്ഥിതിഗതികൾ നിയന്ത്രിക്കുന്നതിനാവശ്യമായ എല്ലാ മുൻകരുതലുകളും സ്വീകരിച്ചിരുന്നു.

(ബി-ഇ) ഭൂരിപക്ഷം ജീവനക്കാരും പണിമുടക്കിയതിനെ തുടർന്ന് അന്നേ ദിവസം ക്യാന്റീൻ തുറന്ന് പ്രവർത്തിക്കുകയുണ്ടായില്ല.

പണിമുടക്കിൽ നടന്ന അനിഷ്ട സംഭവങ്ങൾ

77 (85) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 11-5-2000-ൽ സംസ്ഥാനത്ത് നടന്ന പണിമുടക്കിൽ എന്തെങ്കിലും അനിഷ്ടസംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ എവിടെയെല്ലാം ;

(സി) എന്തെല്ലാം വിധത്തിലുള്ള അനിഷ്ട സംഭവങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) അന്ന് അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിരുന്നു ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) വിശദ വിവരങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.*

(ഡി) അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ പ്രധാനപ്പെട്ട സർക്കാർ ആഫീസുകൾക്കും സ്ഥാപനങ്ങൾക്കും സംരക്ഷണം നൽകുകയും സെൻസിറ്റീവായ സ്ഥലങ്ങളിൽ പോലീസ് പിക്കറ്റുകളും ശക്തമായ പോലീസ് പട്രോളിംഗും ഏർപ്പെടുത്തുകയും ചെയ്തിരുന്നു. ജോലിക്കു വരുന്നവർക്കും മറ്റും വേണ്ട സംരക്ഷണം ഏർപ്പെടുത്തിയിരുന്നു.

തിരുവനന്തപുരം സെൻട്രൽ ജയിലിലെ കഞ്ചാവ് കൃഷി

78 (86) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സെൻട്രൽ ജയിൽ വളപ്പിൽ തടവുകാർ വാർഡൻമാരുടെ സഹായത്തോടെ കഞ്ചാവു ചെടി നട്ടുവളർത്തിയതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ബന്ധപ്പെട്ട ജയിൽ ഉദ്യോഗസ്ഥന്മാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly